HGH INDIA® 2022
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
July 12-15, 2022
INDIA EXPO CENTRE, GREATER NOIDA, DELHI NCR

NEWS 3

A TEXZONE Event
www.hghindia.com

Where business feels at home!

## എച്ച് ജി എച്ച് ഇന്ത്യ 2022

# ബിസിനസ്സിന് തയ്യാറാകൂ

അതിവേഗം വളരുന്ന ഇന്ത്യൻ ഗാർഹിക ഉല്പന്ന വിപണിയുമായി അതിന്റെ പ്രദർശകരെ ബന്ധിപ്പിക്കുന്നതിന് രൂപകല്പന ചെയ്തിരിക്കുന്ന എച്ച് ജി എച്ച് ഇന്ത്യ 2022 എന്ന അന്താരാഷ്ട്ര വ്യാപാര ഷോയുടെ പതിനൊന്നാമത് പതിപ്പ് ഇന്ത്യയിലെ 500-ലധികം നഗരങ്ങളിൽ നിന്നും പട്ടണങ്ങളിൽ നിന്നുമുള്ള വ്യാപാര സന്ദർശകരെ സ്വാഗതം ചെയ്യാൻ സജ്ജമാണ്. ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്, ഫേബ്രിക്സ്, ഗൃഹോപകരണങ്ങൾ, ഹോം ഡികൊർ, വീട്ടുസാമഗ്രികൾ, സമ്മാനങ്ങൾ എന്നിവയിൽ എച്ച് ജി എച്ച് ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇന്ത്യയൊട്ടുക്കുനിന്നും മറ്റു 30 രാജ്യങ്ങളിൽനിന്നും ഉള്ള 400-ലധികം പ്രമുഖ ബ്രാൻഡുകളുടെയും നിർമാതാക്കളുടെയും ഉല്പന്നങ്ങൾ പ്രദർശിപ്പിക്കും. കഴിഞ്ഞ വർഷം ഗ്രേറ്റർ നോയ്ഡയിൽ ഉത്തരേന്ത്യയിലെ അരങ്ങേറ്റം വിജയകരമായി കുറിച്ചതിന് ശേഷം, എച്ച് ജി എച്ച് ഇന്ത്യ വീണ്ടും ബിസിനസിനായി ഒരുങ്ങുകയാണ്.



2022-23-ലെ ഉല്പന്ന നവീകരണങ്ങൾക്കും പുതിയ ഡിസൈനുകൾക്കും വേണ്ടി ബെഡ് ആൻഡ് ബാത്ത്, മെത്തകൾ, അലങ്കാര നിർമിതികൾ, ഫർണിഷിംഗ് തുണിത്തരങ്ങൾ, തിരശ്ശീലകൾ, വാൾപേപ്പറുകൾ, പരവതാനികൾ, കരകൗശലവസ്തുക്കൾ, അലങ്കാര സാധനങ്ങൾ, ഗൃഹോപകരണങ്ങൾ, സ്റ്റോറേജ്, കുക്ക്വെയർ, അടുക്കള ഉപകരണങ്ങൾ, അടുക്കള സാമഗ്രികൾ, ടേബിൾവെയർ എന്നിവയും ഗാർഹികോല്പന്നങ്ങളുടെ വിശാലമായ ശ്രേണിയും ഇവിടെ വ്യാപാരത്തിനായി സജ്ജീകരിക്കപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ ഹോം ട്രേഡിംഗിന്റെ പ്രധാന ഉറവിട സീസണാണ് ജൂലൈ. അതിനാൽ, വരാനിരിക്കുന്ന ദീപാവലി - ഉത്സവ റീട്ടെയിൽ സീസണുകൾക്കായി സാധനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് അവരുടെ ആവശ്യങ്ങൾ എന്താണെന്ന് ആസൂത്രണം ചെയ്യുന്നതിനുള്ള ശരിയായ സമയമാണ് ജൂലൈ 12-15.

# ബെഡ് ആൻഡ് ബാത്ത്: നിരവധി പുതിയ ഓപ്ഷനുകൾ

ഇന്ത്യയിലെ ഗാർഹിക തുണിത്തരങ്ങളുടെ വില്പനയിലെ ഏറ്റവും വലിയ ഒറ്റ വിഭാഗമാണ് ബെഡ് ആൻഡ് ബാത്ത്. ഇന്ത്യയിൽ വിൽക്കുന്ന ഹോം ടെക്സ്റ്റൈൽസുകളിൽ 50% ബെഡ് ഷീറ്റുകളാണ്, ഇത് ചില്ലറ വ്യാപാരികൾക്കും വിതരണക്കാർക്കും ഏറ്റവും പ്രധാനപ്പെട്ട ഉല്പന്നമായി മാറുന്നു. കൗതുകകരമെന്നു പറയട്ടെ, രാജ്യത്ത് ആളോഹരി ഉപഭോഗം ഇപ്പോഴും കുറവാണെങ്കിലും ബെഡ് ഷീറ്റുകളുടെ വിപണി പ്രതിവർഷം 12-15% വളർച്ച തുടരുന്നു. അതിനാൽ, ബെഡ് ആൻഡ് ബാത്ത് വിഭാഗത്തിൽ ബ്രാൻഡുകൾ, നിർമാതാക്കൾ, വിതരണക്കാർ, ചില്ലറ വ്യാപാരികൾ എന്നിവയ്ക്ക് ഇപ്പോഴും ഇനിയും ഉപയോഗിക്കപ്പെടാത്ത വളർച്ചാസാധ്യതകളുണ്ട്. വിചിത്രമെന്നു പറയട്ടെ, ഇത്രയേറെ സാധ്യതകൾ ഉണ്ടായിരുന്നിട്ടും അംഗീകൃത ദേശീയ ബെഡ് ആൻഡ് ബാത്ത് ബ്രാൻഡുകളിൽ ചുരുക്കം ചിലതു മാത്രമാണ് ഇപ്പോൾ ഇന്ത്യൻ വിപണിയിലുള്ളത്. അതുകൊണ്ടുതന്നെ യു എസ് എ, യൂറോപ്പ് തുടങ്ങിയ ആഗോള വിപണികളിൽ സ്ഥിരസാന്നിധ്യമുള്ള നിരവധി ഉയർന്ന നിലവാരമുള്ള നിർമാതാക്കളും കയറ്റുമതിക്കാരും ഈ അവസരം മനസ്സിലാക്കി, എച്ച് ജി എച്ച് ഇന്ത്യ 2022-ലൂടെ തങ്ങളുടെ സ്വന്തം ബ്രാൻഡായ പ്രീമിയം ബെഡ് ആൻഡ് ബാത്ത് ശ്രേണിയുമായി ഇന്ത്യൻ ആഭ്യന്തര വിപണിയിൽ പ്രവേശിക്കാൻ തീരുമാനിച്ചിട്ടുണ്ട്.


ബിയാൻക


യുറോസ്പ


പാനോ

ഇന്ത്യയിലെ ഉന്നത നിലവാരമുള്ള ബെഡ് ഷീറ്റുകളുടെ ഏറ്റവും വലിയ കയറ്റുമതിക്കാരായ ഇൻഡോ കൗണ്ട് ഇൻഡസ്ട്രീസ് ലിമിറ്റഡ്, മുൻകൂട്ടി സാന്നിധ്യമറിയിച്ചിട്ടുള്ള അതിന്റെ ബ്രാൻഡുകളായ ബോട്ടിക് ലിവിംഗ് ആൻഡ് ലെയേഴ്സിനൊപ്പം ഈ സീസണിൽ അവരുടെ പുതിയ ശേഖരങ്ങൾ കൂടി അവതരിപ്പിക്കും. പ്രീമിയം യൂറോപ്യൻ ബെഡ് ആൻഡ് ബാത്ത് ഉല്പന്നങ്ങളുടെ ഇറക്കുമതിക്ക് പേരുകേട്ട സ്പ്രെഡ് ഹോം, അപ്മാർക്കറ്റ് ഫർണിഷിംഗ് വഴിയുള്ള റീട്ടെയ്ലിംഗ്, വലിയ ഫോർമാറ്റ് റീട്ടെയ്ലർമാർ, സ്പ്രെഡ് ഹോം, എസ്പ്രിറ്റ്, ടോം ടെയ്ലർ, പിയറി കാർഡിൻ, മറ്റ് ബ്രാൻഡുകൾ എന്നിവയ്ക്കായി അവരുടെ പുതിയ ശേഖരം പ്രദർശിപ്പിക്കും. അവരുടെ പതിവ് ശ്രേണിക്ക് പുറമേ, ബെഡ് ലിനൻ, മെത്തകൾ, മെയ്ഡ്-അപ്സ് എന്നിവയിൽ അതിവേഗം വളരുന്ന പ്രതിഭാസമായ ബിയാങ്ക അതിന്റെ അംഗീകൃത ശ്രേണിയിലുള്ള നോട്ടിക്ക ബെഡ് ഷീറ്റുകൾ പുറത്തിറക്കും. പ്രിന്റഡ് ആൻഡ് ഡിസൈനർ ശ്രേണിയിലുള്ള വിശാലമായ തിരഞ്ഞെടുപ്പിനുതകുന്ന, അംഗീകൃത പ്രതീകങ്ങൾ അടങ്ങിയിട്ടുള്ള, ബെഡ് ആൻഡ് ബാത്ത് ഉല്പന്നങ്ങൾ സസൂൺ വാഗ്ദാനം ചെയ്യുന്നു. വാൾട്ട് ഡിസ്നി, ഛോട്ടാ ഭീം മുതലായവയിൽനിന്ന്, ഉയർന്ന

നിലവാരമുള്ള ബെഡ് ഷീറ്റുകളുടെയും മുൻപന്തിയിലുള്ള ബെഡ് ലൈനുകളുടെയും മേഖലയിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള നിർമാതാക്കളായ ജയ്പൂരിൽ നിന്നുള്ള ബെല്ല കാസ അവരുടെ പുതിയ ശേഖരങ്ങൾ പ്രദർശിപ്പിക്കും. പ്ലൂച്ചി, ബെല്ല കാസ തുടങ്ങി നിരവധി ബ്രാൻഡുകളിൽ നിന്നുള്ള ബേബി ബെഡ്, ഷീറ്റുകൾ, ബ്ലാങ്കറ്റുകൾ, ഉറക്ക ഉല്പന്നങ്ങൾ, ടവലുകൾ എന്നിവയുടെ ഒരു നല്ല ശ്രേണി സന്ദർശകരെ കാത്തിരിക്കുന്നു.

കോയമ്പത്തൂരിൽ നിന്നുള്ള മുൻനിര ബെഡ് ഷീറ്റ് കയറ്റുമതിക്കാരായ പ്രീമിയർ ഫൈൻ ലിനന്റെയും കെ.ജി. ലിനന്റെയും പ്രവേശനത്തിന് എച്ച് ജി എച്ച് ഇന്ത്യയുടെ ഈ പതിപ്പ് സാക്ഷ്യം വഹിക്കും. ഗാസിയാബാദിൽ നിന്നുള്ള പ്രോസസ് ഹൗസുകളിലൊന്നായ ദേവതാര ഇൻഡസ്ട്രീസും അവരുടെ ബ്രാൻഡായ ഷയാനും അഹമ്മദാബാദിൽ നിന്നുള്ള ജിൻഡാൽ ടെക്സോഫാബും ഒരിക്കൽ കൂടി തങ്ങളുടെ പ്രിന്റഡ് ബെഡ് ഷീറ്റുകളുടെ ശേഖരം പ്രദർശിപ്പിക്കും. കോയമ്പത്തൂർ കോട്ടൺ കൺസെപ്റ്റ്സ് അവരുടെ ബ്രാൻഡായ ഡോക്യൂർ ടവൽസിന് കീഴിലുള്ള ടെറി ടവലുകളുടെ പുതിയ ശ്രേണി പ്രദർശിപ്പിക്കും. മധുരയിൽ നിന്നുള്ള പാരാമൗണ്ട് ടെക്സ്റ്റൈൽസ്, ഡൽഹിയിൽ നിന്നുള്ള മൗര്യ ഉദ്യോഗ്, സൂറത്തിൽ നിന്നുള്ള ഭഗവതി ടെക്സ്റ്റൈൽസ്, സേലത്ത് നിന്നുള്ള പി വി സിൽക്ക്, കൂടാതെ ഇന്ത്യയിലുടനീളമുള്ള നിരവധി പ്രദർശകരും പങ്കെടുക്കും.

പാനിപ്പത്തിൽ നിന്നുള്ള മുൻനിര കയറ്റുമതിക്കാരായ പാൻ ഓവർസീസ് അവരുടെ ബ്രാൻഡായ പാൻ ഒ, ടെക്സ് സ്റ്റൈൽസ് അവരുടെ ബ്രാൻഡായ വെരിസ എന്നിവയ്ക്ക് പുറമെ ബെഡ് കവറുകൾ, ബാത്ത് മാറ്റുകൾ, ഡെക്കറേറ്റീവ് ടോപ്പ് ഓഫ് ബെഡ് ലിനൻ എന്നിവയുടെ വിശാല ശേഖരം പ്രദർശിപ്പിക്കും. കൂടാതെ, കൈത്തറി, പവർലൂം മേഖലയിലെ നിരവധി വമ്പന്മാരും അവരുടെ ക്രിയേറ്റീവ് ഹോം ടെക്സ്റ്റൈൽ ശ്രേണി പ്രദർശിപ്പിക്കും, ഇത് ഈ സ്രോതസ്സിനെ താത്പര്യജനകമാക്കുന്നു.

അങ്ങനെ എച്ച് ജി എച്ച് ഇന്ത്യ 2022-ന്റെ 14, 15 ഹാളുകൾ ബെഡ് ആൻഡ് ബാത്ത് വിഭാഗത്തിൽ നിങ്ങളുടെ ആവശ്യനിവൃത്തികളുടെയും നൂതനത്വങ്ങളുടെയും വിപുലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നു.

## സ്പ്രെഡ് ഹോംസിന്റെ അന്താരാഷ്ട്ര ശൈലി

എച്ച് ജി എച്ച് ഇന്ത്യ 2022-ലെ സ്പ്രെഡ് ഹോം പ്രൊഡക്ട് ബെഡ്, ബാത്ത്, ഹോം ഡികൊർ, ആക്സസറികൾ, ബാത്ത് ആക്സസറികൾ എന്നിവയുടെ ഒരു നിര കൊണ്ടുവരുന്നു. ഹാർഡ് ഗുഡ്സിന്റെ ഒരു പുതിയ ശ്രേണി – സ്റ്റീൽ, മരം, മുള തുടങ്ങിയ സ്വതന്ത്രമായി ചലിക്കുന്ന ഫർണിച്ചർ മെറ്റീരിയലുകളിൽ നിന്ന് ബട്ട്ലർ ട്രേകൾ, ബാർ കാബിനറ്റുകൾ, സ്റ്റോറേജ് കാബിനറ്റുകൾ തുടങ്ങിയ ഉല്പന്നങ്ങളുടെ നിരകളിലേക്ക് വികസിക്കുന്നു.

ഉയർന്ന ഉപഭോക്തൃ വിഭാഗത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കമ്പനി ആഗോള ഫാഷൻ ഇന്ത്യയിലേക്ക് കൊണ്ടുവരുന്നു.



സ്പ്രെഡ്, എസ്പ്രിറ്റ്, ടോം ടെയ്‌ലർ, പിയറി കാർഡിൻ, സ്പിരെല്ല തുടങ്ങിയ അന്താരാഷ്ട്ര ബ്രാൻഡുകളിലൂടെ ഇന്ത്യയിൽ ആഡംബരങ്ങൾ ലഭ്യമാക്കുന്നു.

ബെഡ് സെറ്റുകൾ, റൂം കർട്ടനുകൾ, മുറിയുടെ അലങ്കാരങ്ങൾ എന്നിവയുൾപ്പെടെയുള്ള സമാനമായ ഉല്പന്ന സെറ്റുകൾ. ഇറ്റാലിയൻ, ഈജിപ്ഷ്യൻ പരുത്തിയിൽ നിന്ന് നിർമിച്ച 700-1000 ത്രെഡ് എണ്ണത്തിലുള്ള ആഡംബര ബെഡ് ലിനൻ. സാങ്കേതികവിദ്യയുടെ ഉപയോഗം സഹായകമായിട്ടുള്ള മികച്ച ത്രെഡുകൾ അടങ്ങിയ, പവിത്രമായ ആഡംബരം പ്രദാനം ചെയ്യുന്ന മുള, ബൊട്ടാണിക് കോട്ടൺ പോലുള്ള കുളിർമയുള്ളതും മൃദുവും ചർമസൗഹൃദവുമായ ഡ്യൂറബിലിറ്റി പ്ലാന്റ് ഫൈബർ ബെഡ് ഷീറ്റ്.

## ഇൻഡോ കൗണ്ട് പുതുമയിലേക്ക് നയിക്കുന്നു

ഇൻഡോ കൗണ്ട് ഇൻഡസ്ട്രീസിന്റെ അതിവേഗം വളരുന്ന ബ്രാൻഡുകളായ ബോട്ടിക് ലിവിംഗും ലെയേഴ്സും അവരുടെ ഉയർന്ന നിലവാരമുള്ള ബെഡ് ഷീറ്റുകളുടെയും ഉന്നതമായ ബെഡ് ലിനൻസുകളുടെയും പുതിയ ശേഖരങ്ങളിൽ നിരവധി നൂതന സവിശേഷതകൾ അവതരിപ്പിക്കും.



### കല്പവൃക്ഷ

കല്പവൃക്ഷ ശേഖരത്തിൽ മുളയും പരുത്തിയും ചേർന്ന ഷീറ്റ് സെറ്റുകൾ ഉണ്ടാകും. മുള ഏറ്റവും മികച്ച ഓർഗാനിക് പരുത്തിയേക്കാൾ 40% കൂടുതൽ ആഗിരണം ചെയ്യുന്നതാണ്, അത് നിങ്ങളുടെ ചർമത്തിൽ നിന്ന് ഈർപ്പം വളരെ വേഗത്തിൽ അകറ്റുകയും നിങ്ങളെ വരണ്ടതും സുഖകരവുമാക്കുകയും ചെയ്യുന്നു. പരുത്തി പോലെ, മുളനാരുകൾ സ്വാഭാവികമായും ശ്വസിക്കാൻ കഴിയുന്നതും ഉയർന്ന ആഗിരണശേഷി ഉള്ളതുമാണ്. ഇത് ഭാരം കുറഞ്ഞതും പട്ടുപോലെ മാർദവമേറിയ അനുഭൂതിയും സ്വാഭാവിക കാന്തിയും നൽകുന്നതുമാണ്. ഇത് ദുർഗന്ധമില്ലാത്തതും പ്രതിജ്ഞാബദ്ധമായ ആഗിരണശേഷിയുള്ളതും ഫലപ്രദമായ അൾട്രാവൈലറ്റ് പ്രതിരോധകവുമാണ്. ഇതിന് സ്വാഭാവികമായി ബാക്ടീരിയവിരുദ്ധവും, സൂക്ഷ്മാണുവിരുദ്ധവുമായ ഗുണങ്ങളുണ്ട്, ഇവയെല്ലാം ഇതിനെ ബെഡ്ഡിംഗിനുള്ള മികച്ച ഓപ്ഷനാക്കി മാറ്റുന്നു. ഇങ്ങനെയുള്ള ഇതിന്റെ നിരവധി നേട്ടങ്ങൾ പരിഗണിച്ചാൽ മുളകൊണ്ടുള്ള കോട്ടൺ ഷീറ്റുകൾ കല്പവൃക്ഷയേക്കാൾ ഒട്ടും താഴെയല്ല.

300 ടി സി (ത്രെഡ് കൗണ്ട്) കോട്ടൺ ആൻഡ് ബാംബൂ മിശ്രിതത്തിലുള്ള ബെഡ് സെറ്റുകൾ, ഡുവെറ്റ് കവറുകൾ എന്നിവ കല്പവൃക്ഷ ശ്രേണിയിൽ ലഭിക്കും. ഈ ശ്രേണിയിൽ ടവലുകളും ഉൾപ്പെടും.

### ഹെറിറ്റേജ് വാക്ക്

ഇന്ത്യയുടെ കരകൗശലവസ്തുക്കൾ, അതിന്റെ സമ്പന്നമായ ചരിത്രവും പൈതൃകവും, വർഷങ്ങളായി പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്ന കൈവേലകളുമായി ഇടകലർന്ന സംസ്കാരങ്ങളുടെ പാരമ്പര്യം എന്നിവ ആഘോഷിക്കുന്നതിനായി ഹെറിറ്റേജ് വാക്ക് ശേഖരം തുറക്കുന്നു. നമ്മുടെ സംസ്കാരത്തെ വിളിച്ചോതുന്ന വൈവിധ്യമാർന്ന തുണിത്തരങ്ങളുടെ പാതയിലേക്കുള്ള കടന്നുവരവാണ് ഹെറിറ്റേജ് വാക്ക്. ഇന്ത്യ എത്ര വൈവിധ്യമാർന്ന രാജ്യമാണെന്നതിന്റെ ശക്തമായ പ്രതിഫലനമാണ് വർണാഭമായ അതിലെ ജനങ്ങളും അവരുടെ ചടങ്ങുകളും. ''ഈ പൈതൃകസഞ്ചാരത്തിലൂടെ നിങ്ങളുടെ വേരുകൾ തിരിച്ചറിയൂ,'' ഈ ശേഖരത്തിന്റെ ഡിസൈനർ പറയുന്നു.

ഈ ശ്രേണിയിലെ ഡിജിറ്റൽ പ്രിന്റ് ചെയ്ത തലയണ കവറുകൾക്കൊപ്പമുള്ള ബെഡ് ഷീറ്റ് സെറ്റുകൾ ഖാദി പ്രിന്റ് ചെയ്തവയാണ്.

### കാശ്മീരി കോപ്പർ ആൻഡ് ബ്രാസ്‌വെയർ

ഇതിവൃത്തം – കാശ്മീരി കോപ്പർവെയറും ബ്രാസ്‌വെയറും ഉത്തരേന്ത്യയിൽ നിന്നുള്ള ശ്രദ്ധേയമായ കരകൗശല രൂപങ്ങളാണ്. ''ഒരു ചെമ്പ് അല്ലെങ്കിൽ പിച്ചള പാത്രങ്ങൾ നിർമിക്കുന്ന പ്രക്രിയ അതിന്റേതായ പ്രത്യേക സാങ്കേതികതയിൽ വൈദഗ്ധ്യം നേടിയ നിരവധി കരകൗശലപ്പണിക്കാരിലൂടെ കടന്നുപോകുന്നു. ഈ പ്രക്രിയയിൽ ഖാർ – ലോഹപ്പണിക്കാരൻ, നഖാഷ് – കൊത്തുപണിക്കാരൻ, സർകോഡ് – തട്ടാൻ, റോഷങ്കർ – മിനുക്കുപണിക്കാരൻ, ചരക്ഗർ – വൃത്തിയാക്കുന്നവൻ അല്ലെങ്കിൽ പൂർത്തിയാക്കുന്നവൻ എന്നിവർ ഉൾപ്പെടുന്നു''. കരകൗശലം പോലെ മനോഹരവും സങ്കീർണവും ആയതിനാൽ, അതിന് കൂടുതൽ പൊതുജനശ്രദ്ധ ആവശ്യമാണ്.

## കോയമ്പത്തൂർ കോട്ടൺ കൺസെപ്റ്റ്സ്

2003-ൽ ആരംഭിച്ച കോയമ്പത്തൂർ കോട്ടൺ കൺസെപ്റ്റ്സ് എന്ന ആഗോള കമ്പനി കിച്ചൺ ആൻഡ് ടേബിൾ ലിനൻ, അലങ്കാര നിർമിതികൾ, ബെഡ്ഡിംഗ്, തറയിലെ ഇരിപ്പിടങ്ങൾ, ആക്സസറികൾ എന്നിവയ്ക്കൊപ്പം ഡിസൈനുകൾ, ശേഖരങ്ങൾ അവതരിപ്പിക്കുകയും ഹോം ടെക്സ്റ്റൈൽസ് നിർമിക്കുകയും ചെയ്യുന്നു. അവരുടെ ഡോക്യൂർ ടവൽസ്, ദി ഇന്ത്യൻ ടവൽ കമ്പനി എന്നീ ബ്രാൻഡിനു കീഴിൽ നൂതനമായ പുതിയ ശേഖരങ്ങൾ എച്ച് ജി എച്ച് ഇന്ത്യ 2022-ൽ പ്രദർശിപ്പിക്കും. സെഡക്സ്, ഒയികോ ടെക്സ്, ജി ഒ ടി എസ്, എസ് എ 8000 എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടുള്ള അംഗീകൃതമായ കമ്പനിയാണ്.



## പ്രീമിയർ അവതരിപ്പിക്കുന്ന ഫൈൻ ലിനൻസ്

75 വർഷത്തെ വ്യാവസായിക വൈദഗ്ധ്യമുള്ള, കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പ്രമുഖ ബെഡ് ലിനൻ നിർമാതാക്കളാണ് പ്രീമിയർ. ഒരു കുടുംബം നടത്തുന്ന ഈ സ്ത്രീ ശാക്തീകരണ സ്ഥാപനം അവിടെ ആവശ്യമായ എല്ലാ സാമൂഹിക ധാർമികതകളും പാലിക്കുന്നു. തുന്നൽ മുതൽ നിർമിതികൾ വരെ പടിപടിയായി ഉയർച്ച പ്രാപിച്ച കമ്പനിക്ക് ആഗോളതലത്തിൽ 6000-ലധികം സഹവർത്തികളും 150 ലഘുവ്യാപാരികളും ആതിഥേയ ഉപഭോക്താക്കളുമുണ്ട്. പ്രീമിയർ ഗ്രൂപ്പിന്റെ വാർഷിക വില്പന 250 മില്യൺ ഡോളറിലധികമാണ്.

സാറ്റിൻ, പെർകേൽ, ഡോബി, ജാക്കാർഡ്, പ്രിന്റുകൾ തുടങ്ങിയ തുണിത്തരങ്ങളുടെ വിശാലമായ ശ്രേണിയിൽ 144 ടി സി മുതൽ 1000 ടി സി വരെയുള്ള വളരെ മികച്ച ബെഡ് ഷീറ്റുകൾ നിർമിക്കുന്ന, എല്ലായ്പോഴും കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്ന, ഈ നിർമാതാവ് അവരുടെ ബ്രാൻഡുകളായ ബ്ലൂ ഡാലിയ, വെസ്റ്റ് ബ്രൂക്ക്, പ്രീമിയർ ഫൈൻ ലിനൻസ് എന്നിവയുടെ ഇന്ത്യൻ ആഭ്യന്തര വിപണിയിലെ അരങ്ങേറ്റം എച്ച് ജി എച്ച് ഇന്ത്യ 2022-ലൂടെ നിർവഹിക്കും.



# പരവതാനികളും ഫ്ലോർ കവറിംഗ്സുകളും



ആർ കെ എസ്



ഒബ്സെഷൻസ്

ഉപഭോക്താക്കൾ അവരുടെ വീടിന്റെ നിലങ്ങൾ മനോഹരമാക്കുന്നതിനായി കൂടുതൽ തുക ചെലവഴിക്കുന്നതിനാൽ, ചവിട്ടികൾ, പരവതാനികൾ, സിന്തറ്റിക് ഫ്ലോറിംഗ് എന്നിവ രാജ്യത്തുടനീളമുള്ള മിക്ക ഹോം ഫർണിഷിംഗ്, ഹോം ഡികൊർ ലഘുവ്യാപാരികൾക്കും കൂടുതൽ പ്രധാനപ്പെട്ട വിഭാഗങ്ങളായി മാറുകയാണ്. ഈ വിഭാഗങ്ങളിലെ ഉപഭോക്തൃ ചെലവ് വർഷം തോറും 20% വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

പ്രാചീനമായ കലാരൂപത്തിലൂന്നി കൈക്രിയയിലൂടെ നിർമിക്കുന്ന പരമ്പരാഗത പരവതാനികൾ ആഡംബരത്തിന്റെ കാര്യത്തിൽ അവസാന വാക്കായി വിപണിയിൽ അതിന്റെ നിലനില്പ് തുടരുന്നു. അതേസമയം അവയുടെ വിലകുറഞ്ഞ എതിരാളികളായ കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന ഉപകരണത്താലും യന്ത്രത്താലും നിർമിക്കുന്ന പരവതാനികൾക്കുള്ള ആവശ്യകതയും അതിവേഗം വർധിക്കുന്നതായി കാണുന്നുണ്ട്.

കലീൻ, ആർ കെ എസ് തുടങ്ങിയ ബ്രാൻഡുകൾ കമ്പിളി, പട്ട്, വിസ്കോസ് എന്നിവയിൽ ആഡംബരപൂർണമായ ഹാൻഡ്-നോട്ടഡ്, ഹാൻഡ്-ടഫ്റ്റഡ് പരവതാനികളുടെ പുതിയ ശ്രേണി പ്രദർശിപ്പിക്കും. സരൽ ഹോം അവരുടെ പുതിയ മെഷീൻ നിർമിത സിന്തറ്റിക് പരവതാനികളുടെയും കുട്ടികളുടെ കാർപ്പെറ്റുകളുടെയും പുതിയ ശേഖരം അവതരിപ്പിക്കും, കൂടാതെ ഈസി ലിവിംഗ് എന്ന ബ്രാൻഡിന് കീഴിൽ അംഗീകൃത പ്രതീകങ്ങളുള്ള നൂതന ശ്രേണിയും അവതരിപ്പിക്കും.

പാനിപ്പത്തിൽ നിന്നുള്ള പാൻ ഓവർസീസ്, അവരുടെ ബ്രാൻഡായ പാനോയ്ക്ക് കീഴിൽ, ഇന്ത്യയിലെ അവരുടെ സൗകര്യങ്ങളിൽ നിർമിച്ച, എന്നാൽ അമേരിക്കൻ, യൂറോപ്യൻ വിപണികളിലെ അവരുടെ ഡിസൈൻ സെൻസിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട, പരവതാനികൾ, ദുരികൾ, ബാത്ത് മാറ്റുകൾ എന്നിവയുടെ ഏറ്റവും പുതിയ പരിഷ്കാരത്തിലൂന്നിയ അന്താരാഷ്ട്ര ശ്രേണി അവതരിപ്പിക്കും.

വിവിധ വിഭാഗങ്ങളിൽ പെടുന്ന ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഇറക്കുമതി ചെയ്ത, യന്ത്ര നിർമിത പരവതാനികൾ, ബാത്ത് മാറ്റുകൾ, ഡോർ മാറ്റുകൾ എന്നിവയുടെ വൈവിധ്യമാർന്ന മെറ്റീരിയലുകളിൽ ഒബ്സെഷൻസ് അതിന്റെ നൂതനമായ ശ്രേണി പ്രദർശിപ്പിക്കും. അതുപോലെ, സ്റ്റുഡിയോ എച്ച് എഫ് അവരുടെ ബ്രാൻഡായ ഫ്ലോറിസ്റ്റയ്ക്ക് കീഴിൽ ഇറക്കുമതി അടിസ്ഥാനമാക്കിയുള്ള പരവതാനികൾ കൊണ്ടുവരും.

ഫ്ലോറിംഗ് ഇന്ത്യയും ഷംഷി എക്സ്പോർട്സും മറ്റ് പല തദ്ദേശീയ നിർമാതാക്കളും ചില്ലറ വ്യാപാരികൾക്ക് അവരുടെ ശ്രേണിയിൽ പൂർണത വരുത്താൻ വിപുലമായ ഇനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

ഇൻഡോർ സിന്തറ്റിക് ഫ്ലോറിംഗ്, പി വി സി ഫ്ലോറിംഗ്, ഫ്ലോർ ടൈലുകൾ, ഔട്ട്ഡോർ, ആർട്ടിഫിഷ്യൽ ഗ്രാസ്, വ്യത്യസ്ത ജീവിതരീതികൾക്കുള്ള ഫംഗ്ഷണൽ ഫ്ലോർ കവറിംഗ്സ് തുടങ്ങിയ വിഭാഗങ്ങളിൽ, എവർഗ്രീൻ ബാംബൂ, ക്രിസ്റ്റൽ കോർപറേഷൻ, ആവാന ഗ്രീൻസ്, പോളിനേഷൻസ്, ഡയറക്ട് ഡികൊർ, അസ് കോർപറേഷൻ, തുൾസ്യാനി ഇന്റർനാഷണൽ തുടങ്ങിയ നിരവധി ഇറക്കുമതിക്കാർ ഗുണനിലവാരത്തിനും വിലയ്ക്കും അനുസൃതമായി പരിഹാരങ്ങളും വിശാലമായ ഉറവിട ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നു.

# ഹോം ഫർണിച്ചർ

എച്ച് ജി എച്ച് ഇന്ത്യ 2022-ൽ ആദ്യമായി അവതരിപ്പിക്കപ്പെടുന്ന ഇൻഡോർ, ഔട്ട്ഡോർ ഹോം ഫർണിച്ചറുകൾ മിക്ക ചില്ലറ വ്യാപാരികൾക്കും സന്ദർശിക്കാൻ ഏറ്റവും താത്പര്യമുള്ള ഒരു ശ്രേണിയായിരിക്കും, അവർ നിലവിൽ ഫർണിച്ചറുകൾ കൈകാര്യം ചെയ്യുന്നു, അല്ലെങ്കിൽ ഫർണിഷിംഗ് ഫാബ്രിക്സ്, ഹോം ടെക്സ്റ്റൈൽസ്, ഹോം ഡികൊർ എന്നിവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അല്ലെങ്കിൽ ഗൃഹപരമായ ആവശ്യങ്ങളുടെ പൂർണമായ പരിഹാരകേന്ദ്രമായി വർത്തിക്കുന്നു. അവരുടെ കൂടുതൽ കൂടുതൽ ഉപഭോക്താക്കൾ അവരിൽ നിന്ന് അലങ്കാരപരവും പ്രവർത്തനപരവുമായ ഫർണിച്ചറുകളിൽ നൂതനമായ പരിഹാരങ്ങൾ തേടുന്നു. അതിനാൽ, ഹോം വിഭാഗങ്ങളിലുടനീളമുള്ള കൂടുതൽ കൂടുതൽ റീട്ടെയ്ലർമാർ അവരുടെ കച്ചവടസാധനങ്ങളുടെ നിരയിലേക്ക് ഫർണിച്ചറുകൾ ചേർക്കുന്നു. കൂടാതെ, എച്ച് ജി എച്ച് ഇന്ത്യ സന്ദർശിക്കുന്ന ആർക്കിടെക്റ്റുകൾക്കും ഇന്റീരിയർ ഡിസൈനർമാർക്കും ഫർണിച്ചറുകൾ, ഭിത്തിയിലും തറയിലുമുള്ള അലങ്കാരങ്ങൾ, അലങ്കാര സാമഗ്രികൾ, സോഫ്റ്റ് ഫർണിഷിംഗ്സ് എന്നിവയിലുള്ള ഏകോപിത പരിഹാരങ്ങൾ പ്രതീക്ഷിക്കാം, കാരണം ഈ വിഭാഗങ്ങളെല്ലാം പ്രദർശനത്തിൽ ഉണ്ട്.

വീവ് ക്രാഫ്റ്റ്, സുപ്രീം ഇൻഡസ്ട്രീസ്, സ്പ്രെഡ് ഹോം, ക്രിസ്റ്റൽ ഫർണിച്ചർ, നോളാറാം തുടങ്ങിയ ബ്രാൻഡുകൾ ആദ്യമായി ഔട്ട്ഡോർ, ഇൻഡോർ ഫർണിച്ചറുകളുടെ വിപുലമായ ശ്രേണി അവതരിപ്പിക്കും.

ഇന്ത്യയിലെ മുൻനിര പ്ലാസ്റ്റിക് മോൾഡിംഗ് കമ്പനിയായ സുപ്രീം ഇൻഡസ്ട്രീസ് ലിമിറ്റഡ്, ദൈനംദിന ജീവിതത്തിനുതകുന്ന ഉയർന്ന നിലവാരമുള്ള സമകാലിക ഡിസൈനിംഗിലുള്ള പ്ലാസ്റ്റിക് ഫർണിച്ചർ; പ്രത്യേക രൂപത്തിൽ തയ്യാറാക്കിയ, കുഷ്യൻ പിടിപ്പിച്ച, വാർണിഷ് ചെയ്ത കസേരകൾ, മേശകൾ, ഡൈനിംഗുകൾ, സ്റ്റോറേജ് കാബിനറ്റ്സ്, കിഡ്സ് ഫർണിച്ചർ എന്നീ ഫർണിച്ചറുകളുടെ ശ്രേണി പ്രദർശിപ്പിക്കും. വീടിനു വെളിയിലെ നടുമുറ്റത്തു സ്ഥാപിക്കുന്ന കുടകൾ, കയറുകളുടെയും സ്ട്രാപ്പുകളുടെയും ശേഖരം, തടിയിലുള്ളതും നെയ്ത്തതുമായ റാട്ടൻ ഫർണിച്ചർ, ചുരുക്കാവുന്ന മേൽക്കൂരകൾ, സിന്തറ്റിക് നെയ്ത ഫർണിച്ചറുകൾ, ഗസീബോ എന്നിവയുടെ വിശാലമായ ശേഖരം വീവ് ക്രാഫ്റ്റ് പ്രദർശിപ്പിക്കും.

കോഫി ടേബിളുകൾ, നെസ്റ്റിംഗ് ടേബിളുകൾ, സോഫാ സെറ്റുകൾ, ബെഡ്റൂം ഫർണിച്ചറുകൾ, മോഡുലാർ കിച്ചണുകൾ, ഡൈനിംഗ് സെറ്റുകൾ, ചെറിയ ഫർണിച്ചറുകൾ എന്നിവയുടെ ഹൃദയഹാരിയായ ശ്രേണി നാഗ്പൂരിൽ നിന്നുള്ള ക്രിസ്റ്റൽ ഫർണിടെക് പ്രദർശിപ്പിക്കും. കിടക്കകൾ, മുൻകാലുകൾ മാത്രമുള്ള ചുമരിനോട് ചേർന്നുറപ്പിക്കുന്ന ചെറിയ മേശകൾ, വലിപ്പുപെട്ടികൾ, ഊണുമേശകൾ, ഒന്നിനു മുകളിൽ ഒന്നായി അടക്കിയിട്ടുള്ള ചെറിയ മേശകൾ, ചാരുകസേരകൾ എന്നിവയുടെ വിശാലമായ ശേഖരം രാജസ്ഥാനിലെ ചുരുവിൽ നിന്നുള്ള നോളാറാം പ്രദർശനത്തിനെത്തിക്കും.

കൂടാതെ, ഫർണിഷിംഗ് മേഖലയിലെ ലഘുവ്യാപാരികൾക്ക് ഇപ്പോൾ കൂടുതൽ ആവശ്യമായി വരുന്ന ചെറുകിട ഫർണിച്ചറുകൾ, കുട്ടികളുടെ ഫർണിച്ചറുകൾ, വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടാകും.



ക്രിസ്റ്റൽ ഫർണിടെക്

# ഹോം ഡികൊർ: കാലാനുസൃതമായ മാറ്റം

ഒരു വിഭാഗമെന്ന നിലയിൽ ഗൃഹാലങ്കാരങ്ങൾ നൂറ്റാണ്ടുകളായി നിലവിലുണ്ട്, എന്നാൽ ഇത് ഏതാണ്ട് 10 വർഷത്തിലൊരിക്കൽ സമകാലികമാക്കപ്പെടുന്നു – ജീവിതശൈലി, സംസ്കാരികവും സാങ്കേതികവുമായ മാറ്റങ്ങൾ എന്നിവ ഇതിനെ സ്വാധീനിക്കുന്നു. ഇന്നത്തെ അഭിരുചിക്കനുസരിച്ച് ഒരാളുടെ വീട് അലങ്കരിക്കുക എന്നത് മിക്ക ഉപഭോക്താക്കളും നേരിടുന്ന ഒരു വെല്ലുവിളിയാണ്, എന്നാൽ അത് സന്തോഷത്തോടെ സ്വീകരിക്കുന്നു. താമസം, ജോലി, സാമൂഹികവത്കരണം എന്നിവയുടെ ഭാഗമായി സമീപവർഷങ്ങളിൽ ആളുകൾ കൂടുതൽ സമയം വീട്ടിൽ ചെലവഴിക്കുന്നതിനാൽ, അവർ അവരുടെ ചുമരുകളോ നിലങ്ങളോ സീലിംഗോ അല്ലെങ്കിൽ മേശകളോ ആകട്ടെ, വീടിന്റെ മോടി കൂട്ടുന്നതിനായുള്ള ആശയങ്ങളിൽ തുടർച്ചയായി മാറ്റങ്ങൾ വരുത്തുന്നു.

ഉപഭോക്താക്കൾ തങ്ങളുടെ വീടുകൾ ഒരേ സമയം കൂടുതൽ സൗന്ദര്യാത്മകവും പ്രവർത്തനപരമായി കൂടുതൽ കാര്യക്ഷമവുമാക്കുന്നതിന് ഉല്പന്നങ്ങൾ വാങ്ങുന്നത് ഒരു ഹോബിയാക്കുന്നതിൽ അതിശയിക്കാനില്ല. മുമ്പെന്നത്തേക്കാളും കൂടുതൽ തുക വീടുകളുടെ രൂപവും ഭാവവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇപ്പോൾ ചെലവഴിക്കപ്പെടുന്നു, ഇത് ഗാർഹികാലങ്കാര മേഖലയിലുള്ള ചില്ലറവ്യാപാരികൾക്കും നിർമാതാക്കൾക്കും ബ്രാൻഡുകൾക്കും ഇറക്കുമതിക്കാർക്കും ഒരു നവതരംഗത്തിനുള്ള അവസരം സൃഷ്ടിക്കുന്നു. എച്ച് ജി എച്ച് ഇന്ത്യ 2022 പ്രദർശകരുടെ ഉല്പന്ന ഓഫറുകളുടെ കാര്യത്തിൽ ഈ സാമൂഹിക മാറ്റത്തെ പ്രതിഫലിപ്പിക്കും.


എഫ് & എഫ്


എക്സെൽ വോൾകവറിംഗുകൾ

വാൾപേപ്പർ മുതൽ പ്രകൃതിദത്തവും കൃത്രിമവുമായ പരവതനാകിളും ഫ്ലോർ കവറിംഗും വരെ, ഹസ്തശില്പങ്ങൾ മുതൽ ആധുനിക അലങ്കാര സാധനങ്ങൾ വരെ, കരകൗശല ഉല്പന്നങ്ങൾ മുതൽ ചെറുപ്രതിമകൾ വരെ, നറുമണങ്ങൾ, മെഴുകുതിരികൾ, സുഗന്ധങ്ങൾ, മേശ അലങ്കാരങ്ങൾ മുതൽ അലങ്കാര വിളക്കുകൾ വരെ......... ഇറക്കുമതി ചെയ്യുന്നവരുടെ ശ്രേണി ഒരിക്കലും അവസാനിക്കുന്നില്ല.

മൊറാദാബാദ്, ഫിറോസാബാദ്, സഹാറൻപൂർ, ഖുർജ, ജയ്പൂർ, ജോധ്പൂർ, ആഗ്ര, ഡൽഹി, റാഞ്ചി, രാജ്കോട്ട് എന്നിവിടങ്ങളിൽ നിന്നും ഇന്ത്യയിലുടനീളമുള്ള മറ്റു നിരവധി ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും കൊണ്ടുവന്നിട്ടുള്ള വിശാലമായ ശ്രേണി സന്ദർശകർക്ക് സൂക്ഷ്മനിരീക്ഷണം നടത്താൻ സാധിക്കും. കൂടാതെ ഇന്ത്യ, ചൈന, യൂറോപ്പ്, ജപ്പാൻ, തായ്‌ലൻഡ്, വിയറ്റ്നാം തുടങ്ങി നിരവധി രാജ്യങ്ങളിൽ നിന്നുള്ള ആധുനിക അലങ്കാര ഉല്പന്നങ്ങളും വസ്തുക്കളും നിരവധി നിർമാതാക്കളും ഇറക്കുമതിക്കാരും പ്രദർശിപ്പിക്കും. ഉദാഹരണത്തിന്, എക്സൽ ഹോം ഡികൊർ വാൾപേപ്പറുകളിൽ നിരവധി പുതുമകൾ അവതരിപ്പിക്കും.

**ദേശജിന്റെ എക്സൽ വാൾപേപ്പറുകൾ**

കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന മുൻനിര ബ്രാൻഡും വാൾപേപ്പറുകളുടെ ഇറക്കുമതിക്കാരുമായ എക്സൽ ഹോം ഡികൊർ, എച്ച് ജി എച്ച് ഇന്ത്യയിൽ ദേശജ് വാൾപേപ്പറുകളുടെ പുതിയ ശേഖരം അവതരിപ്പിക്കും.

തദ്ദേശീയമായ ഇന്ത്യയുടെ ഒരു പരിച്ഛേദമാണ് ദേശജ്. പാരമ്പര്യം, കല, നിറം, സഹൃദയത്വം എന്നിവയുടെ രൂപങ്ങളിൽ പ്രൗഢമായ കാലാതീത സൗന്ദര്യം. ഇന്ത്യൻ കലാരൂപങ്ങളുടെ അതിമനോഹരമായ ചാരുത വ്യത്യസ്തമായ ആഖ്യാനങ്ങളും കഥകളും ചിത്രീകരിക്കുന്നു. ഈ ശേഖരത്തിലെ ഡിസൈനുകൾ, തദ്ദേശീയമായ ഇന്ത്യയുടെ കഥകൾ പറയുന്ന ചുവരുകളുടെ ക്യാൻവാസിൽ ഉജ്ജ്വലവും നിശബ്ദവുമായ നിറങ്ങളുടെ സമതുലിതമായ ഒരു മനോഭാവം സൃഷ്ടിക്കാൻ ശ്രമിക്കുന്നു.

കാലാതീതമായ കലംകാരി തുണിത്തരങ്ങളുടെ കഥകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ദേശജ് ശേഖരം മച്ചിലിപട്ടണത്തെ പുഷ്പാലംകൃതമായ ശൈലി അവലംബിച്ചിരിക്കുന്നു. കലംകാരി മനോഹരവും കാലാതീതവുമായ ഒരു പരമ്പരാഗത ഇന്ത്യൻ കലാരൂപമാണ്, അക്ഷരാർത്ഥത്തിൽ അത് 'പേന കൊണ്ട് അലങ്കരിക്കുക' എന്നാണ്.

**നാച്വർസ് രാഗാസ് – പ്രകൃതിസംഗീതത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട വാൾപേപ്പറുകൾ**

അവാർഡ് നേടിയിട്ടുള്ള ഒരു ഡിസൈൻ സ്റ്റുഡിയോയാണ് ടോയ്ൽ ഇൻഡിയെൻ. ലണ്ടൻ, പാരീസ്, ടോക്കിയോ, ടൊറന്റോ എന്നിവിടങ്ങളിലെ ലക്ഷ്വറി ഇന്റീരിയറുകളിൽ ഇതിന്റെ ശേഖരങ്ങൾ കാണാം. പ്രകൃതിയുടെ സംഗീതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ടോയ്ൽ ഇൻഡിയെനിന്റെ ഏറ്റവും പുതിയ വാൾപേപ്പറുകളുടെ ശേഖരം എക്സൽ പ്രദർശിപ്പിക്കും – നാച്വർസ് രാഗാസ്, ഇന്ത്യൻ ക്ലാസിക്കൽ രാഗങ്ങളുടെ മനോഭാവവും വികാരവും ഉൾക്കൊള്ളുന്ന നിറങ്ങളിൽ. നാച്വർസ് രാഗാസ് ശേഖരം കല, വാസ്തുവിദ്യ, തുണിത്തരങ്ങൾ, ആഭരണങ്ങൾ – ദക്ഷിണേന്ത്യയിൽ നിന്നുള്ള ടെമ്പിൾ ജ്വല്ലറി – എന്നിവയിൽ നിന്നുള്ള സ്രോതസ്സുകൾ ഉൾക്കൊള്ളുന്നു. രാജസ്ഥാനി, തഞ്ചൂർ പെയിന്റിംഗുകൾ, മുഗൾ വാസ്തുവിദ്യ, നവീന കല എന്നിവ രസങ്ങളിൽ ഏറ്റവും പ്രസന്നമായവയെ ഉണർത്തുന്ന സമ്പന്നവും നിലനിൽക്കുന്നതുമായ പാറ്റേണുകൾ സൃഷ്ടിക്കുന്നു.

# ഇന്ത്യയിൽ ഗൃഹോപകരണങ്ങളുടെ ആവശ്യകത വർദ്ധിക്കുന്നു

അടുത്ത ഏതാനും വർഷങ്ങളിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രതിവർഷം 8 മുതൽ 10 ശതമാനം വരെ വളർച്ച കൈവരിക്കുമെന്ന് പ്രവചിക്കപ്പെടുന്നു. രാജ്യത്ത് 1.35 ബില്യൺ ജനസംഖ്യയുണ്ട്, അതിൽ 65 ശതമാനം 30 വയസ്സിന് താഴെയുള്ളവരാണ്. ഇന്ത്യൻ യുവാക്കൾ വിദ്യാസമ്പന്നരും വിപുലമായി യാത്രകൾ ചെയ്യുന്നവരും അന്തർദേശീയ ജീവിതശൈലി പകർത്തുവാൻ ആഗ്രഹിക്കുന്നവരുമാണ്. ഈ ഘടകങ്ങളെല്ലാം ഇന്ത്യയിലെയും ആഗോളതലത്തിലെയും വ്യാപാരികൾക്ക് ഇന്ത്യ ഒരു ഉയർന്ന സാധ്യതയുള്ള വിപണിയാക്കുന്നു. അതുകൊണ്ടുതന്നെ, പല പ്രമുഖ ഇന്ത്യൻ ഇറക്കുമതിക്കാരും വൻകിട വ്യവസായ സ്ഥാപനങ്ങളും ഇന്ത്യൻ ആഭ്യന്തര വിപണിയെ മുമ്പത്തേക്കാൾ ഗൗരവത്തോടെയാണ് ഇപ്പോൾ കണ്ടുവരുന്നത്.

മിക്ക ഹോം വിഭാഗങ്ങളിലും 15 മുതൽ 20 ശതമാനം വരെ ആവശ്യകതയുടെ വളർച്ച അനുഭവപ്പെടുന്നു. അതിനാൽ കൂടുതൽ ബ്രാൻഡുകളും നിർമാതാക്കളും ലഘുവ്യാപാരികളും അവരുടെ ഹോം ഉല്പന്നങ്ങൾ രൂപകല്പന ചെയ്യുന്നതിനും ഉല്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും അവരുടെ റീട്ടെയ്ൽ, വിതരണ ശൃംഖല വികസിപ്പിക്കുന്നതിനും ഈ വിഭാഗത്തിൽ നിക്ഷേപം നടത്തുന്നു.

സ്വേച്ഛപ്രകാരമുള്ള ജോലിസ്ഥലം തിരഞ്ഞെടുക്കൽ ഇപ്പോൾ ഒരു ദീർഘകാല പ്രവണതയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. വീട് ഇപ്പോൾ സൗകര്യപ്രദമായും സുരക്ഷയോടെയും ജോലി ചെയ്യാനും സാമൂഹികമായ കൂടിച്ചേരലുകൾക്കും ഉള്ള കാര്യബഹുലമായ ഇടമായി മാറിയിരിക്കുന്നു – രണ്ടും ഹൈബ്രിഡ് മോഡിൽ തുടരുന്നതിനാൽ. ഉപഭോക്താക്കൾ വീടിനുള്ളിൽ കൂടുതൽ സമയം ചെലവഴിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതിനാൽ, വരുംകാലങ്ങളിൽ, അവർ കൂടുതലായി ഇടയ്ക്കിടെ സ്വന്തം വീടുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും അടുക്കള, ലിവിംഗ്, കിടപ്പുമുറി എന്നിവയുടെ നിലവിലെ സ്ഥിതികളിൽ മാറ്റം വരുത്തുകയും ചെയ്യും. അതിനാൽ, ഹോം വിഭാഗത്തിലെ ചില്ലറ വ്യാപാരികൾ വരും വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കും. ഹോം ഓഫീസ് ഫർണിച്ചർ, ആക്സന്റ് ഫർണിച്ചർ, അലങ്കാര സാമഗ്രികൾ എന്നിങ്ങനെയുള്ള പുതിയ വിഭാഗങ്ങൾ റീട്ടെയ്ൽ തലത്തിൽ ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്, ഹോം ഡികൊർ എന്നിവയുമായി വർദ്ധിത രീതിയിൽ കൂടിക്കലരും.


ക്ലേ ക്രാഫ്റ്റ്

ആരോഗ്യം, ശുചിത്വം, സൗകര്യം, സമയം ലാഭിക്കൽ തുടങ്ങിയ കാരണങ്ങളാൽ ഇന്ത്യൻ ഉപഭോക്താക്കൾ ഇപ്പോൾ മോഡേൺ കിച്ചൺ വെയർ, കിച്ചൺ ടൂൾസ്, കുക്ക്‌വെയർ, കിച്ചൺ അപ്ലയൻസസ് എന്നിവയ്ക്കായി തുറന്ന മനസ്സോടെ കൂടുതൽ തുക ചെലവഴിക്കാൻ തുടങ്ങിയിരിക്കുന്നു. സ്റ്റീമറുകൾ, റൈസ് കുക്കറുകൾ, സാൻഡ്‌വിച്ച് മേക്കറുകൾ, സ്ലോ ജ്യൂസറുകൾ, ഫുഡ് പ്രൊസസറുകൾ, വാട്ടർ ആൻഡ് എയർ പ്യൂരിഫയറുകൾ, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് ക്ലീനർ തുടങ്ങിയ ഉല്പന്നങ്ങൾ പ്രത്യേകിച്ചും വിപണിയിൽ നന്നായി ചലനം സൃഷ്ടിക്കുന്നു.

വീട് പാർട്ടികൾക്കും സാമൂഹികമായ കൂടിച്ചേരലുകൾക്കുമുള്ള ഒരു കേന്ദ്രം കൂടി ആയി മാറിയതിനാൽ, ടേബിൾവെയറും ഒരു വിഭാഗമായി വികസിച്ചുകഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷമായി ഹോറെക (ഹോട്ടൽ, റെസ്റ്റോറന്റ്, കഫേ) ഡിമാൻഡ് സ്തംഭനാവസ്ഥ നേരിട്ടപ്പോഴും ഉപഭോക്തൃ, റീട്ടെയിൽ വിഭാഗങ്ങളിൽ പ്രീമിയം ഡിന്നർവെയർ, ഗ്ലാസ്‌വെയർ, ക്രോക്കറി, കട്ട്‌ലറി, സെർവ് വെയർ, ടേബിൾ ലിനൻ എന്നിവയുടെ ഡിമാൻഡ് 25 ശതമാനത്തിലധികം വളർച്ച കൈവരിച്ചു.

ചെറിയ പട്ടണങ്ങൾ ഓൺലൈനിലും ഓഫ്‌ലൈനിലും അതിവേഗം വളർന്നു. ടയർ 2, ടയർ 3 നഗരങ്ങളിലെ ഉപഭോക്താക്കളും ഇപ്പോൾ നഗര ജീവിതശൈലി സ്വായത്തമാക്കാൻ ആഗ്രഹിക്കുന്നു, മികച്ച രൂപകല്പനയും ഉന്നത നിലവാരവും ഉള്ള ബ്രാൻഡഡ് ഉല്പന്നങ്ങളിലേക്ക് മാറാൻ തയ്യാറുമാണ്.

**രത്ന ഹോം പ്രൊഡക്ട്സ്**

ചതുരം, ദീർഘചതുരം, ഷഡ്ഭുജം തുടങ്ങിയ ജ്യാമിതീയ തീമുകളിൽ സ്റ്റെയിൻലെസ് സ്റ്റീൽ ഡ്രൈ ഫ്രൂട്ട്സ്, മസാല, കിച്ചൺ സ്റ്റോറേജ് ബോക്സുകൾ എന്നിവയുടെ പുതിയ ശേഖരം രത്ന ഹോം പുറത്തിറക്കും. എച്ച് ജി എച്ച് ഇന്ത്യ 2022-ൽ, ഈ ബ്രാൻഡ് രസകരമായ ഡിസൈനുകളുള്ള കിഡ്സ് പ്ലേറ്റും അവതരിപ്പിക്കും. അവ കുട്ടികൾക്ക് ഭക്ഷണം ഒരു വിനോദമെന്നപോലെ ആസ്വദിക്കാൻ അവസരമൊരുക്കും.

സ്റ്റെയിൻലെസ് സ്റ്റീലും ബി പി എ ഫ്രീ പ്ലാസ്റ്റിക്കും ബന്ധിപ്പിച്ചുള്ള ട്രോഫി ആകൃതിയിലുള്ള മൾട്ടി പർപ്പസ് കട്‌ലറി ഹോൾഡറും രത്നയുടെ ശേഖരത്തിലുണ്ടാകും.

**സ്ഥാൽ**

സ്ഥാലിന്റെ വെർസറ്റിൽ പ്രഷർ കുക്കർ, പ്രഷർ കുക്കിംഗിന്റെ ഭാവി എന്ന നിലയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിന്റെ പിടിത്തമുള്ള അടപ്പ് പ്രവർത്തിപ്പിക്കാൻ എളുപ്പമാണ്. അത് ഒരു ഇളംകാറ്റുപോലെ പാചകാന്തരീക്ഷത്തെ സുഗമമാക്കാൻ സഹായിക്കുന്നു. ത്രിഗുണമേന്മയോടെ മികച്ച രീതിയിൽ നിർമിച്ചിരിക്കുന്ന ഈ പ്രഷർ കുക്കർ വേഗത്തിൽ പാചകം ചെയ്യാവുന്നതും സുരക്ഷിതവും അത്യന്തം ഭംഗിയാർന്നതുമാണ്.

സ്ഥൽ



ഇത് വിശിഷ്ടമായതാണ്, എന്നാൽ ദൃഢവുമാണ്. മനോഹരം, കൂടാതെ വിശ്വസനീയവും. പ്രഷർ കുക്കറിന്റെ അടിസ്ഥാന രൂപത്തിലും ഭാവത്തിലും വ്യത്യസ്ത സവിശേഷതകൾക്കായി തിരയുന്ന ഉപഭോക്താക്കളെ വെർസറ്റിൽ കുക്കർ തീർച്ചയായും ആകർഷിക്കും.

രജിസ്ട്രേഷന്: www.hghindia.com മുംബൈ: ടെലിഫോൺ: +91 (22) 2421 4111, ഡൽഹി: ടെലിഫോൺ: +91 (11) 2571 4111 Email: visitors@hghindia.com